ഇന്നൊവേഷൻ ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ

11 (*40) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജമേഖലയിൽ ഇന്നൊവേഷൻ ഫണ്ട് ഉപയോഗിച്ച് വൈദ്യുതി ബോർഡ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) ഉപയോഗശൂന്യമായ സി.എഫ്.എൽ., മെർക്കുറി ലാമ്പ്, റ്റ്യൂബ് ലൈറ്റുകൾ എന്നിവ സുരക്ഷിതമായി സംസ്കരിക്കുന്നതിന് വൈദ്യുതി ബോർഡിന്റെ കീഴിൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നല്കാമോ ;

(സി) ഉപയോഗയോഗ്യമല്ലാത്ത ഇലക്ട്രിക്, ഇലക്ട്രോണിക് ഉപകരണങ്ങൾ, വൈദ്യുതി സെക്ഷനുകൾ മുഖേന ശേഖരിക്കുന്നതിനും, പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കുന്നതിനുമുള്ള സ്ഥിര സംവിധാനം ഏർപ്പെടുത്തുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 1. വൈദ്യുതിയുടെ ഉത്പാദന-വിതരണ മേഖലകളിൽ ചെലവ് ചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും നൂതന ആശയങ്ങളുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വൈദ്യുതി ബോർഡ് സ്റ്റാർട്ട് അപ് വില്ലേജ് സ്ഥാപിച്ച് ഇലക്ട്രിക്കൽ ഓപ്പൺ ഇന്നൊവേഷൻ സോൺ (EOIZ) -ന്റെ പ്രവർത്തന ചെലവുകളും നൂതന ആശയങ്ങളുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്നതിനും ആണ് ഇന്നൊവേഷൻ ഫണ്ട് ഉപയോഗിക്കുന്നത്.

2. പാലക്കാട് അഗളിയിലുള്ള ചാലിയൂർ ട്രൈബൽ കോളനിയിൽ വീടുകളുടെ മേൽക്കൂരയിൽ 96 Kwp സ്ഥാപിതശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

3. പൊരിങ്ങൽകുത്ത് പവർ ഹൗസിന്റെ മേൽക്കൂരയിൽ 50 Kwp സ്ഥാപിതശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

4. കെ.എസ്.ഇ.ബി. ഗ്രിഡിൽ നിന്നും പീക്ക് സമയത്ത് ചാർജ്ജ് ആകാത്ത സോളാർ ഇൻവെർട്ടറുകൾ കെ.എസ്.ഇ.ബി.യുടെ കൺറ്റോൺമെന്റ് സെക്ഷനിലെ വീടുകളിൽ സ്ഥാപിച്ച ശേഷം അതിൽ നിന്നും പീക്ക് സമയത്ത് ലഭിക്കുന്ന വൈദ്യുതി ലാഭത്തെ കുറിച്ച് പഠിക്കുന്നതിനുള്ള പദ്ധതി.

5. തിരുവനന്തപുരത്തുള്ള കോളേജ് ഓഫ് എൻജിനീയറിംഗിൽ 134.56 Kwp ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി.

6. വൈദ്യുതി ബോർഡിന്റെ വിവിധ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

7. പടിഞ്ഞാറേത്തറ ഡാമിന്റെ റോഡ് വേയിൽ canopy സ്ഥാപിച്ച് 400 Kwp സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി.

8. പൊരിങ്ങൽകുത്ത് പവർ ഹൗസിന്റെ tail race-ൽ screw turbane ഉപയോഗിച്ച് ഒരു 11 KW ശേഷിയുള്ള മൈക്രോ ജലവൈദ്യുതി പ്ലാന്റ് സ്ഥാപിക്കാനുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പദ്ധതി.

9. മാനന്തവാടിയിലുള്ള കമ്പമല ടീ എസ്റ്റേറ്റിൽ 40 Kwp solar power plant പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള പദ്ധതി.

(ബി) ഇല്ല.

(സി) വൈദ്യുതി ബോർഡിൽ ഇത്തരം സംവിധാനം നിലവിലില്ല. എനർജി മാനേജ്മെന്റ് സെന്ററാണ് ഇതുസംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

ടെയിനപകടങ്ങൾ സംബന്ധിച്ച കമ്മീഷനുകൾ

12 (*41) ഡോ. കെ. ടി. ജലീൽ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടെയിനപകടങ്ങൾ സംഭവിക്കുമ്പോൾ നിയോഗിക്കപ്പെടുന്ന കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതും സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതും അപകടങ്ങൾ തുടരുന്നതിന് കാരണമാകുന്നതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly